**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 221** **24-02-2026 - ൽ മറുപടിയ്ക്ക്**

**കോസ്റ്റൽ മേഖലയിലെ സുസ്ഥിര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. ജെ. മാക്സി,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോസ്റ്റൽ മേഖലയിൽ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനും പ്രകൃതി ദുരന്തങ്ങളാൽ സംഭവിക്കുന്ന നഷ്ടങ്ങൾ കുറയ്ക്കുന്നതിനും തീരദേശ വികസന കോർപ്പറേഷൻ സ്വീകരിച്ച പ്രധാന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | കടൽക്ഷോഭം കാരണം നഷ്ടപ്പെടുന്ന തീരപ്രദേശം സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ജില്ലകളിൽ 13540.12 ലക്ഷം രൂപയുടെ തീരസംരക്ഷണ പ്രവൃത്തികൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.<br><br>സംസ്ഥാനത്ത് അനുഭവപ്പെടുന്ന കടലാക്രമണത്തെ പരമ്പരാഗതമായ കടൽഭിത്തി നിർമ്മാണം കൊണ്ട് മാത്രം പൂർണ്ണമായും ചെറുക്കാൻ കഴിഞ്ഞിരുന്നില്ല. കൂടാതെ പാറക്കല്ലിന്റെ ലഭ്യത കുറവും, വിലയിലുണ്ടാകുന്ന വർധനവും കടൽ ഭിത്തിയുടെ പുനർനിർമ്മാണത്തിന് ഓരോ വർഷവും ഭീമമായ തുകയും സർക്കാരിന് ചെലവഴിക്കേണ്ടതായി വരുന്നുണ്ട്. ഇത് കണക്കിലെടുത്ത് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കടലാക്രമണം നേരിടുന്ന പൂന്തുറ മുതൽ ശംഖുമുഖം വരെയുള്ള പ്രദേശത്ത് പരീക്ഷണ അടിസ്ഥാനത്തിൽ, ജിയോ ട്യൂബ് ഉപയോഗിച്ചുള്ള ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിരുന്നു. അതനുസരിച്ച് KIIFB ധനസഹായത്തോടെ 150 കോടി രൂപയുടെ പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു.<br><br>തുടർന്ന് National Institute of Ocean Technology (NIOT) മുഖേന മാതൃകാ പഠനം നടത്തുകയും അവരുടെ നിർദ്ദേശ പ്രകാരം ആദ്യ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്ത് ഏറ്റവും രൂക്ഷമായ കടൽക്ഷോഭം അനുഭവപ്പെടുന്ന പ്രദേശമായ പൂന്തുറയിൽ പരീക്ഷണാടിസ്ഥാനത്തിൽ |

പദ്ധതി നടപ്പാക്കുന്നതിന് 20.78 കോടി രൂപയുടെ അംഗീകാരം നൽകി. ഏകദേശം ഒരു കിലോമീറ്റർ നീളത്തിൽ തീരം സംരക്ഷിക്കുന്നതിന് കടലിൽ 6 മീറ്റർ ആഴമുള്ള ഭാഗത്ത് 700 മീറ്റർ നീളത്തിൽ ജിയോ ട്യൂബ് സ്ഥാപിക്കുന്നതാണ് പദ്ധതി. ഏറ്റവും കൂടുതൽ കടൽക്ഷോഭവും അടിയൊഴുക്കും ഉള്ള പൂന്തുറയിലെ തീരപ്രദേശമാണ് പൈലറ്റ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. വിദഗ്ധരായ ഡൈവർമാരുടെ സഹായത്തോടെ അനുകൂലമായ കാലാവസ്ഥയിൽ മാത്രമാണ് കടലിന്റെ അടിത്തട്ടിൽ ജിയോ ട്യൂബ് സ്ഥാപിക്കുന്ന ദുഷ്കരമായി പ്രവൃത്തി നടത്തുന്നത്. വളരെ കുറഞ്ഞ സമയം മാത്രം അനുകൂലമായ സാഹചര്യം ലഭിക്കുന്ന പ്രസ്തുത പ്രദേശത്ത് ചുരുങ്ങിയ പ്രവർത്തി ദിനങ്ങൾ കൊണ്ട് 200 മീറ്റർ നീളം വരുന്ന 2 സെഗ്മെന്റുകളുടെ (segments) നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. ബാക്കി 3 സെഗ്മെന്റുകളുടെ (300 മീറ്റർ) നിർമ്മാണം നടന്ന് വരുന്നു. 2026 മാർച്ച് അവസാനത്തോട് കൂടി പദ്ധതി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

നിലവിൽ നടത്തിയ പ്രവൃത്തി കൊണ്ട് തന്നെ പ്രദേശത്ത് വർധിച്ച തോതിൽ കര രൂപപ്പെടുകയും കടൽ രൂക്ഷമായ കാലാവസ്ഥയിൽ പോലും മത്സ്യത്തൊഴിലാളികൾക്ക് അവരുടെ യാനങ്ങൾ കരക്കടുപ്പിക്കുവാൻ സാധിക്കുന്നുണ്ട്. ഇത് വലിയ നേട്ടമായാണ് വിലയിരുത്തപ്പെടുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സാമ്പത്തികമായി അഭിവൃദ്ധിപ്പെടുത്തുന്നതിനും പദ്ധതി സഹായകരമാകും.

കടലോരത്തുള്ള വിനോദ സഞ്ചാര മേഖലകളിൽ തീര സംരക്ഷണത്തിന് ഏറ്റവും ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവും എന്ന നിലയിലും ജിയോ ട്യൂബ് ഉപയോഗിച്ചുള്ള ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി ഒരു മാതൃകാ പദ്ധതിയായി കണക്കാക്കാവുന്നതാണ്. കൊല്ലം, കോവളം മുതലായ ടൂറിസം ബീച്ചുകളിൽ ഈ സംവിധാനം ഉപയോഗിച്ച് തീരം സംരക്ഷിച്ച്, അനുയോജ്യമായ ടൂറിസം ഡെസ്റ്റിനേഷനുകളുമായി മാറ്റുന്നത് സംബന്ധിച്ച് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ പഠനം നടത്തി വരുന്നു.

ഇത് കൂടാതെ ജിയോട്യൂബ് ഉപയോഗിച്ചുള്ള ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മിച്ച് കൊണ്ടുള്ള തീര സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2025-26 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 100 കോടി രൂപയുടെ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതി

നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയും (NIOT) സംയുക്തമായി സാങ്കേതിക പഠനം നടത്തുകയും സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ തീരശോഷണം നടക്കുന്നതായി കണ്ടെത്തിയ ഫിഷ് ലാന്റിംഗുമായി ബന്ധപ്പെട്ട് കിടക്കുന്ന 11 പ്രദേശങ്ങൾക്കുള്ള സാങ്കേതിക ഡിസൈൻ, വിശദമായ പദ്ധതി രൂപരേഖ എന്നിവ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കടലാക്രമണം രൂക്ഷമായ ശംഖുമുഖം ബീച്ച്, ജിയോട്യൂബ് ഓഫ് ഷോർ ബ്രേക്ക് വാട്ടർ ഉപയോഗിച്ച് സംരക്ഷിക്കുന്നതിനായി 22.30 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട്, ഫിഷ് ലാന്റിംഗ് നടക്കുന്നതും തീരശോഷണം സംഭവിക്കുന്ന പ്രദേശങ്ങളുമായ വർക്കല (തിരുവനന്തപുരം ജില്ല) ചില്ലക്കൽ (കൊല്ലം ജില്ല) പുന്നപ്ര, പൊള്ളതായി, അന്ധകാരനാഴി (ആലപ്പുഴ ജില്ല), വൈപ്പിൻ (എറണാകുളം ജില്ല), കൈപ്പമംഗലം, (തൃശ്ശൂർ ജില്ല), മുറിഞ്ഞവഴി (മലപ്പുറം ജില്ല), തിക്കോടി (കോഴിക്കോട് ജില്ല), തലായി, പാലക്കോട് (കണ്ണൂർ ജില്ല) എന്നീ 11 പ്രദേശങ്ങളിൽ ജിയോട്യൂബ് ഉപയോഗിച്ചുള്ള ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മിച്ച് തീരം സംരക്ഷിക്കുന്നതിനുള്ള 77.70 കോടി രൂപയുടെ പദ്ധതി എന്നിവ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

മത്സ്യത്തൊഴിലാളികളുടെ വരുമാനം മെച്ചപ്പെടുത്തുന്നതിന് കടലിന്റെ അടിത്തട്ടിൽ കൃത്രിമ ആവാസവ്യവസ്ഥ സൃഷ്ടിച്ച് മത്സ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി കൃത്രിമപ്പാര് നിക്ഷേപിക്കുന്ന പദ്ധതിയും നടപ്പാക്കി വരുന്നു. മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ നിലവിലുള്ള പ്രകൃതിദത്ത പാരുകൾക്ക് സമീപം ത്രികോണാകൃതിയിലുള്ള സിമന്റ് കോൺക്രീറ്റ് മൊഡ്യൂളുകൾ ജി.പി.എസ്. സഹായത്തോടെ സ്ഥാനനിർണ്ണയം നടത്തി നിക്ഷേപിക്കുന്ന പദ്ധതിയാണിത്. ഈ പാരുകളിൽ സസ്യ പ്ലവകങ്ങളും ജന്തു പ്ലവകങ്ങളും രൂപപ്പെടുമ്പോൾ അതു ഭക്ഷിക്കുന്നതിനായി ചെറുതും വലുതുമായ മത്സ്യങ്ങൾ അവിടേക്ക് ആകർഷിക്കപ്പെടുകയും ഈ ആവാസ വ്യവസ്ഥ മത്സ്യ പ്രജനനത്തിനും അവയുടെ സുസ്ഥിരമായ നിലനിൽപ്പിനും അനുകൂല സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനമായCMFRI ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ നടത്തിയ ശാസ്ത്രീയ പഠനങ്ങളെല്ലാം തന്നെ കൃത്രിമ പ്പാരുകൾ മത്സ്യങ്ങളെ തീര സമുദ്രത്തിലേക്ക് ആകർഷിക്കുന്നതിനും അവയുടെ സ്വാഭാവിക പ്രജനനത്തിനും മത്സ്യ സമ്പത്തിന്റെ

| | | | |
|---|---|---|---|
| | | | സുസ്ഥിരമായ പരിപാലനത്തിനും വളരെയധികം പ്രയോജനപ്പെടുമെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. |
| (ബി) | തീരദേശ വികസന കോർപ്പറേഷന്റെ പദ്ധതികൾ വഴി കോസ്റ്റൽ ടൂറിസം, ലൈവ്‌ലിഹുഡ് എൻഹാൻസ്മെന്റ്, ലോക്കൽ എന്റർപ്രണർഷിപ്പ് എന്നിവയിൽ എത്രത്തോളം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ തീരസംരക്ഷണ പ്രവൃത്തികൾ കൊണ്ട് പദ്ധതി പ്രദേശത്ത് തീരസംരക്ഷണം സാധ്യമായിട്ടുണ്ട്. സുഗമമായി മത്സ്യം കരയ്ക്കടുപ്പിക്കാൻ കഴിയുന്നതിലൂടെ മത്സ്യ ബന്ധനത്തിലൂടെയുള്ള വരുമാനം വർധിപ്പിക്കുന്നതിനും വിവിധ തരത്തിലുള്ള അനുബന്ധ പ്രവർത്തനങ്ങൾക്കായും മത്സ്യത്തൊഴിലാളികൾ തീരം പ്രയോജനപ്പെടുത്തുന്നുണ്ട്. |
| (സി) | ഈ പദ്ധതികൾ നടപ്പിലാക്കിയത് വഴി ലഭിച്ച സാമ്പത്തിക നേട്ടവും തൊഴിൽ വർദ്ധനവും എത്രത്തോളമുണ്ടെന്ന് വിശദമാക്കാമോ? | (സി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ തീരസംരക്ഷണ പ്രവൃത്തികൾ കൊണ്ട് പദ്ധതി പ്രദേശത്ത് തീരസംരക്ഷണം സാധ്യമായിട്ടുണ്ട്. സുഗമമായി മത്സ്യം കരയ്ക്കടുപ്പിക്കാൻ കഴിയുന്നതിലൂടെ മത്സ്യ ബന്ധനത്തിലൂടെയുള്ള വരുമാനം വർധിപ്പിക്കുന്നതിനും വിവിധ തരത്തിലുള്ള അനുബന്ധ പ്രവർത്തനങ്ങൾക്കായും മത്സ്യത്തൊഴിലാളികൾ തീരം പ്രയോജനപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

**കടൽക്ഷോഭം കാരണം തീരം നഷ്ടപ്പെടുന്ന പ്രദേശം സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ തീരസംരക്ഷണ പ്രവൃത്തികളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | ജില്ല | പദ്ധതി | ഭരണാനുമതി തുക (ലക്ഷം) | നീളം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | കാസർഗോഡ് | മഞ്ചേശ്വരം ഗ്രോയിൻ നിർമ്മാണം | 1267.94 | 3.82 കി.മീ. (17 ഗ്രോയിൻ നിർമ്മാണം) | പദ്ധതി പൂർത്തീകരിച്ചു |
| 2 | കണ്ണൂർ | തലായ് ഗ്രോയിൻ നിർമ്മാണം | 293.93 | 200 മീ. (2 ഗ്രോയിൻ നിർമ്മാണം) | പദ്ധതി പൂർത്തീകരിച്ചു. |
| 3 | തൃശ്ശൂർ | ചേറ്റുവ ഗ്രോയിൻ നിർമ്മാണം | 714.72 | 450 മീ. (3 ഗ്രോയിൻ നിർമ്മാണം) | പദ്ധതി പൂർത്തീകരിച്ചു. |
| 4 | കൊല്ലം | കൊല്ലം-താന്നി തീരസംരക്ഷണ പ്രവൃത്തി | 4219.57 | 4.3 കി.മീ. (23 ഗ്രോയിൻ നിർമ്മാണം) | ഗ്രോയിൻ നിർമ്മാണം പൂർത്തീകരിച്ചു. ടെട്രാപോഡ് ഉപയോഗിച്ച് ഹെഡ് സംരക്ഷണം പുരോഗമിക്കുന്നു |
| 5 | തിരുവനന്തപുരം | മുതലപ്പൊഴി ഹാർബറിലെ തീരസംരക്ഷണ പ്രവൃത്തി | 4965.86 | 1.95 കി.മീ. (10 ഗ്രോയിൻ നിർമ്മാണം) | ഗ്രോയിൻ നിർമ്മാണം പുരോഗമിക്കുന്നു |
| 6 | തിരുവനന്തപുരം | പൂന്തുറയിൽ ജിയോ ട്യൂബ് ഉപയോഗിച്ച് തീരസംരക്ഷണം | 2078.10 | 700 മീ. (5 സെഗ്മെന്റ് ) | പദ്ധതി പുരോഗമിക്കുന്നു. |
| | | | **13,540.12** | | |

**സെക്ഷൻ ഓഫീസർ**